# ഫാറൂഖ് എ.എൽ.പി. സ്കൂൾ

വി.ശ്രീധരമേനോൻ

ഫാറൂഖ് എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ പ്രവർത്തനമാരംഭിച്ചത് 1960-61 അധ്യയനവർഷത്തിലാണ്. അന്ന് ഇത് ഫാറൂഖ് ഹൈസ്കൂളിൻെറ ഭാഗമായിരുന്നു. 1962-63 വർഷത്തിൽ ഫാറൂഖ് എൽ.പി. സ്കൂളിനെ ഹൈസ്കൂളിൽനിന്നു വേർപെടുത്തി ഒരു സ്വതന്ത്രവിദ്യാലയമാക്കി. ശ്രീ കെ. കുഞ്ഞൂട്ടിയായിരുന്നു സ്കൂളിൻെറ ആദ്യത്തെ ഹെഡ്മാസ്റ്റർ. 1963-64 വർഷത്തോടെ അദ്ദേഹം പിരിഞ്ഞു. ഇപ്പോഴത്തെ ഹെഡ്മാസ്റ്ററായ ലേഖകൻ 1.8.1963-ന് ചാർജെടുത്തു.

ഓരോ വർഷവും സ്കൂളിലെ വിദ്യാർഥികളുടെ എണ്ണം വർധിച്ചുവരുന്നു. പ്രവേശനത്തിനപേക്ഷിക്കുന്നവരെയെല്ലാം ചേർക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഇപ്പോൾ ഇവിടെ 400 വിദ്യാർഥികളുണ്ട്. അവരിൽ 182 പേർ പെൺകുട്ടികളാണ്. ഒമ്പതു ഡിവിഷനുകളിലായാണ് ഈ 400 കുട്ടികൾ പഠിക്കുന്നത്. ഈ വിദ്യാലയത്തിൽ ഒമ്പത് സ്ഥിരം അധ്യാപകരും ഒരു ഫുൾ ടൈം അറബി അധ്യാപികയുമുണ്ട്. ശ്രീ. വി. ശ്രീധര മേനോൻ (ഹെഡ്മാസ്റ്റർ), ശ്രീമതി എം. റുഖിയ, ശ്രീ കെ. വേലായുധൻ, ശ്രീമതി. പി.എൽ തെരേസ, ശ്രീമതി പി.എ. ജമീല, ശ്രീ. എ. സൈതലവി, ശ്രീമതി കെ.ടി. സുഹറാബി, ശ്രീമതി ഇ.എഫ്. സിസിലി, ശ്രീ. ടി.എ. സുലേഖ, ശ്രീമതി എൻ.വി. ആസ്യ എന്നിവരാണ് അധ്യാപകർ.

○






Farook A.L.P. School : .....*and kids.*